## III. മേശപ്പുറത്ത്‌വയ്ക്കുന്ന കടലാസുകൾ

ചട്ടം 47 (2) അനുസരിച്ചുള്ള ലിസ്റ്റ് പ്രകാരം

1. ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ.സി. ജോസഫ്): സർ, 13-ാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1244, 4528, 7356 എന്നിവയുടെ മറുപടിയും യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കുന്നതിനുള്ള ചട്ടം 47 (2) പ്രകാരമുള്ള സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

2. നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, 13-ാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1317-ന്റെ മറുപടിയും യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കുന്നതിനുള്ള ചട്ടം 47 (2) പ്രകാരമുള്ള സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

3. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ): സർ, 13-ാം കേരള നിയമസഭയുടെ നാലാം സമ്മേളനത്തിലെ 1557, ആറാം സമ്മേളനത്തിലെ 6189, 7477 എന്നീ നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കുന്നതിനുള്ള ചട്ടം 47 (2) പ്രകാരമുള്ള സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

4. പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിക്കുവേണ്ടി ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി

(ശ്രീ. കെ. സി. ജോസഫ്): സർ, 13-ാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6234-ന്റെ മറുപടിയും യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കുന്നതിനുള്ള ചട്ടം 47 (2) പ്രകാരമുള്ള സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പു റത്ത് വയ്ക്കുന്നു

പേഴ്സണൽ എക്സ്പ്ലനേഷൻ.

ശ്രീമിതി ഗീതാ ഗോപി: സർ, കഴിഞ്ഞ ദിവസം 6-ാം തീയതി വളരെ സമാധാനപരമായ പ്രകടനമായിരുന്നു ഞങ്ങൾ അവിടെ നടത്തിയിരുന്നത്. ആ പ്രകടനത്തിൽ പീരുമേട് എം.എൽ.എ. ശ്രീമതി. ഇ. എസ്. ബിജിമോളും എന്റെ പ്രവർത്തകരും കൂടെയുണ്ടായിരുന്നു. ആ സമാധാനപരമായ പ്രകടന ത്തിനെതിരെ പോലീസ് വളരെ പ്രകോപനപരമായാണ് പെരുമാറിയത്. കാരണം ഒരു ജനപ്രതിനിധി എന്ന നിലയിലും ഞാൻ തൃശ്ശൂർ ജില്ലയിലെ നാട്ടിക എം.എൽ.എ. യാണെന്ന് പറഞ്ഞിട്ടുപോലും എന്നെ ആ പ്രകടനത്തി നിടയിൽ നിന്ന് വലിച്ചിഴച്ചു. എന്റെ വലതു കൈ അവർ വളരെ ശക്തിയായി വലിച്ചപ്പോൾ ഞാൻ പെട്ടെന്ന് തിരിഞ്ഞപ്പോൾ എന്റെ വലതുകൈ തിരിഞ്ഞു പോവുകയായിരുന്നു. ഞാൻ ഉറക്കെ കരഞ്ഞതുകൊണ്ടാണ് അവർ പിടി വിട്ടത്. .......(ബഹളം)...... അതിന് ശേഷം പിടിച്ച് വലിക്കുമ്പോഴും ഞാൻ നാട്ടികയിൽ നിന്ന് വരുന്നൊരു എം.എൽ.എ. യാണെന്നും തൃശ്ശൂർ ജില്ലയിലാ ണെന്നും പറഞ്ഞപ്പോൾ എന്നോട് ഒരു വനിതാ, കോൺസ്റ്റബിളാണോയെന്ന് എനിക്കറിയില്ല, നീ എവിടുത്തെ എം.എൽ.എ. യാണെന്നും നീ എവിടെ നിന്ന് വരുന്നുവെന്നും ഇതിന് മുൻപ് നിന്നെ കണ്ടിട്ടില്ലല്ലോയെന്നും വളരെ മോശ മായാണ് അവരെന്നോട് പെരുമാറിയത്.......(ബഹളം)........ വനിതാ പോലീസ്

ഉൾപ്പെടെ വലിച്ചിഴച്ചു. എന്റെ കയ്യിൽ നഖം കൊണ്ടവർ മാന്തി പരിക്കേൽപ്പിച്ചിരുന്നു കക്ഷത്തിന്റെ ഭാഗത്തു നിന്ന് വലിച്ച് പിടിച്ചാണ് കൊണ്ടു പോയത്. എന്റെ സാരി പോലും കീറുന്ന രീതിയിലുള്ള ഒരു പ്രകോപനമാണ് അവർ ചെയ്തത്. ബസിൽ കയറുമ്പോഴും ഞാൻ പറഞ്ഞു, ഞാൻ എം.എൽ.എ യാണ്, എന്നെ വിടണമെന്ന് അപ്പോൾ അവർ വളരെ ശക്തിയായി ബസിനകത്തേക്ക് തള്ളുകയാണ് ചെയ്തത്. അതിനെക്കാൾ വലിയ സങ്കടം നന്ദാവനം സ്റ്റേഷനിൽ എത്തിയപ്പോൾ ഞങ്ങൾ വളരെ അവശരായി, ഞാൻ തൂണും ചാരി സ്റ്റേഷനകത്തിരിക്കുകയായിരുന്നു. അപ്പോൾ അഞ്ചാറ് പോലീസുകാർ ഇതിലേതാണ് എം.എൽ.എ. യെന്ന് ചോദിച്ച് എന്റെയടുത്തേക്ക് ഓടി വന്നു. ഞാൻ ഒരക്ഷരം സംസാരിച്ചില്ല. ഞാൻ നാലഞ്ചു തവണ അവരോട് ഞാൻ എം.എൽ.എ.യാണ് വലിക്കരുതെന്ന് വളരെ വിനയത്തോടെ പറഞ്ഞതാണ്. ഒരു ജനപ്രതിനിധിയുടെ അഭ്യർത്ഥനപോലും മാനിക്കാത്ത പോലീസാണോ കേരളത്തിലുള്ളത്? വളരെ സങ്കടമുണ്ട്. രാവിലെ ഞാൻ നൽകിയ കത്തിനെ മാനിച്ചു കൊണ്ട് ഒരു ജനപ്രതിനിധിയുടെ അവകാശവും അപേക്ഷയും അങ്ങ് മാനിച്ചതിൽ ഞാൻ നന്ദി പറയുകയാണ്. പോലീസിന്റെ ഇത്തരത്തിലുള്ള നീചത്വപരമായ നടപടകളിൽ ശക്തിയായി പ്രതിഷേധിക്കുകയും അവരെ സസ്പെൻഡ് ചെയ്യണമെന്ന അഭ്യർത്ഥനയുമാണെനിക്കുള്ളത്. ഇത്തരം പ്രവർത്തികൾ ഇനി ആവർത്തിക്കരുതെന്ന് പറയാൻ ബഹുമാനപ്പെട്ട നിയമസഭാ സ്പീക്കറോട് അഭ്യർത്ഥിക്കുകയാണ്. .......(ബഹളം)......

മി. സ്പീക്കർ: അതിന് ഇവിടെ മറുപടി പറയണ്ട. ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്തു. ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി കാര്യം പറഞ്ഞു. എന്നാൽ അപ്പോൾ ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീമതി. ഗീതാ ഗോപി ഇവിടെയില്ലായിരുന്നു, ആശുപത്രിയിലായിരുന്നു. അവർ ഇന്നാണ്

വന്നത്. സ്വാഭാവികമായി അവർ ഒരു പേഴ്സണൽ എക്സ്പ്ലനേഷന് സമയം ചോദിച്ചു, അങ്ങനെയാണ് അവർ സംസാരിച്ചത്. ബാക്കി അന്വേഷണം നടക്കുന്നുണ്ട്........(ബഹളം)........ അതിന് ജുഡീഷ്യൽ അന്വേഷണം വച്ചിട്ടുണ്ട ല്ലോ. യെസ്...യെസ്..... പ്ലീസ്..... ജുഡീഷ്യൽ അന്വേഷണം വച്ചിട്ടുണ്ട്. നോ... നോ... (ബഹളം) ശ്രീ. സി. എൻ. ബാലകൃഷ്ണൻ 2013 ലെ കേരള സഹക രണ സംഘ (ഭേദഗതി) ബിൽ അങ്ങേയ്ക്ക് അവതരിപ്പിക്കാവുന്നതാ ണ്..........(ബഹളം)..........

<u>ശ്രീ. സി. ദിവാകരൻ</u>: സർ, സെൻട്രൽ ആക്ടുണ്ട്. ഈ ബില്ലിന്റെ ആവ ശ്യമില്ല.

<u>മി. സ്പീക്കർ</u>: നോ...ബഹളം....ഞാനൊന്നു പറയട്ടെ..... ശ്രീ. എ. കെ. ബാലൻ നിങ്ങൾ ഇവിടെ സഹകരണ വകുപ്പു മന്ത്രിയായിരുന്ന ആളാണ്.... ..........(ബഹളം)..........നോ... ഞാനൊന്നു പറയട്ടെ..............(ബഹ ളം)..........നിങ്ങൾക്ക് പ്രസംഗിക്കണമെങ്കിൽ പ്രസംഗിച്ചോ....... ഞാൻ വെറുതേ യിരിക്കാം. അതൊക്കെ ചർച്ചയിൽ പറഞ്ഞോളു.......(ബഹളം)..... ഞാനൊന്നു പറയട്ടെ..............(ബഹളം)..........

പ്രതിപക്ഷ നേതാവ് (<u>ശ്രീ. വി. എസ്. അച്ചുതാനന്ദൻ</u>): സർ, ബഹുമാന പ്പെട്ട സഹകരണ വകുപ്പുമന്ത്രി ഇതുപോലൊരു നിർഭാഗ്യകരമായ നിയമവു മായി വരുമെന്ന് ആരും പ്രതീക്ഷിച്ചില്ല. വളരെ നിയമവിരുദ്ധമായ നിലയിൽ; യാതൊരു തരത്തിലും അംഗീകരിക്കാൻ നിർവ്വാഹമില്ലാത്ത കള്ളസംഘങ്ങളെ കൊണ്ടുവന്ന് നിലവിലുണ്ടായിരുന്ന സഹകാരികൾ തെരഞ്ഞെടുത്ത ശരിക്കു മുള്ള സംഘങ്ങളെ പിരിച്ചുവിട്ട്, ഗവൺമെന്റിനുവേണ്ടി വളരെ നീചമായ നില യിലുള്ള പ്രവർത്തിയാണ് കള്ളസംഘങ്ങളെ സഹകാരികളുടെ പിടലിക്കു

വച്ചുകൊണ്ട് ചെയ്തിരിക്കുന്നത്. അതിനെപ്പറ്റിയൊന്നും ശാന്തമായി ചിന്തിക്കാൻ പോലും; തിരുത്താൻ പോലും തയ്യാറാകാതെ ഇത് പാസ്സാക്കാൻ വേണ്ടി; രണ്ടാളിന്റെ ഭൂരിപക്ഷമുണ്ടെന്ന് വിചാരിച്ചിട്ട് ഞങ്ങളെല്ലാം ഇത് സഹിച്ച് ഇരുന്നുതരണം എന്നു പറഞ്ഞാൽ വളരെ കഷ്ടമാണ്. വളരെ ഹീനമായ ഈ പ്രവൃത്തിയിൽ ഞങ്ങൾക്ക് ശക്തിയായി പ്രതിഷേധിക്കാതിരിക്കാൻ കഴിയില്ല. നിങ്ങൾ പാസ്സാക്കിക്കൊള്ളൂ, ഞങ്ങൾ തൽക്കാലം പുറത്തു നിൽക്കാം. ശാന്തമായ നിലയിൽ പ്രതിഷേധം പ്രകടിപ്പിക്കാൻ വേറെ എന്താണു വഴി? അതുകൊണ്ട് ഞങ്ങൾ അത് ചെയ്യുകയാണ്. യാതൊരു തരത്തിലും ഇതിനോട് സഹകരിക്കാൻ കഴിയില്ല. ശക്തിയായ പ്രതിഷേധം പ്രകടിപ്പിച്ചുകൊണ്ട് ഞങ്ങൾ പുറത്തു പോകുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷം ഒന്നടങ്കം സഭ വിട്ട് പുറത്തു പോയി.)

ക്രമപ്രശ്നം

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, ശ്രീ. കോടിയേരി ബാലകൃഷ്ണൻ സഭയിലില്ലെങ്കിലും ഇവിടെ ഒരു ക്രമപ്രശ്നം എഴുതിത്തന്നിട്ടുണ്ട്. അതിൽ അങ്ങേയ്ക്ക് എന്തെങ്കിലും പറയാനുണ്ടോ? ആളില്ലെങ്കിലും അത് ഒരു നിയമ പ്രശ്നമായതുകൊണ്ടാണ് പറയാനുണ്ടോ എന്ന് ചോദിച്ചത്. ക്രമപ്രശ്നം ഉന്നയിച്ച ആൾ സഭയിലില്ല, ഇത് പറയണമെന്ന് അങ്ങേയ്ക്ക് തോന്നുന്നുണ്ടെങ്കിൽ പറഞ്ഞാൽ മതി.

സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ): സർ, നിയമനിർമ്മാണാധികാരങ്ങൾ ഏൽപ്പിച്ചുകൊടുക്കുന്നതിന് വേണ്ടിയുള്ള നിർദ്ദേശങ്ങൾ

ബില്ലിനോടൊപ്പമുള്ള മെമ്മോറാണ്ടത്തിൽ വിശദീകരിച്ചിട്ടുണ്ട്. അവയുടെ വ്യാപ്തിയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുകയും ചെയ്തുകൊണ്ടുള്ള ഏൽപ്പിച്ചു കൊടുത്ത നിയമനിർമ്മാണാധികാരങ്ങൾ സംബന്ധിച്ച മെമ്മോറാണ്ടം ബില്ലി നോടൊപ്പം ചേർത്തിട്ടുണ്ട്. എന്നാൽ അത് സാധാരണ സ്വഭാവത്തോടുകൂടി യാണെന്നും പ്രസ്താവിക്കാൻ വിട്ടുപോയിട്ടുള്ളതുമാണ്. ഇതിനകത്ത് ഒമിഷൻ വന്നിട്ടുണ്ട്. പ്രത്യേക സ്വഭാവത്തോടു കൂടിയ നിർദ്ദേശങ്ങളൊന്നും തന്നെ ഈ ബില്ലിലില്ല. ഇപ്രകാരമുള്ള പ്രസ്താവന ബില്ലിൽ വിട്ടുപോയതിൽ ഖേദിക്കുന്നു. ഇനി ഇതുണ്ടാകാതിരിക്കാൻ ശ്രദ്ധിക്കുന്നതാണ്. നിലവി ലുള്ള ഭരണസമിതികളേയും തെരഞ്ഞെടുപ്പ് നടപടികൾ ആരംഭിച്ച അംഗങ്ങ ളുടേയും ഭരണസമിതികളെ പിരിച്ചുവിടാൻ ഉദ്ദേശിക്കുന്നില്ല. ബില്ലിലെ ക്ലോസ് 14(5)-ലെ ക്രമവിരുദ്ധമോ ഭരണഘടനാ വിരുദ്ധമോ അല്ല. ക്ലോസ് 19 പ്രകാരം പൊതുയോഗത്തിന്റെ എണ്ണം നിർണ്ണയിക്കപ്പെടുന്ന പ്രകാരമാണെന്ന് പറഞ്ഞിട്ടുണ്ട്. നിർണ്ണയിക്കപ്പെടുക എന്നാൽ ചട്ടങ്ങൾ മൂലം നിർണ്ണയിക്കുക എന്നതാണ്. അതിനാൽ ഇക്കാര്യത്തിൽ സർക്കാർ ചട്ടങ്ങൾ നിർമ്മിക്കുന്ന താണ്. ഈ വ്യവസ്ഥ ഭരണഘടനാ ഭേദഗതി നിർദ്ദേശത്തിലെ അനുച്ഛേദം 240(2) നിർദ്ദേശപ്രകാരമാണ് ഇപ്പോൾ ഉൾപ്പെടുത്തിയിട്ടുള്ളത്. ആയതിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട അംഗം കോടിയേരി ബാലകൃഷ്ണൻ ഉന്ന യിച്ച ഒബ്ജക്ഷനുകൾ നീക്കി ബിൽ അവതരിപ്പിക്കുന്നതിനുള്ള അനുമതി നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

റൂളിംഗ്

മി. സ്പീക്കർ: ക്രമപ്രശ്നം എഴുതിത്തന്ന അംഗം സഭയിലില്ലെങ്കിലും അങ്ങയെ ക്ഷണിച്ചത് മറുപടി പറയാൻ അങ്ങേയ്ക്ക് തോന്നിയതുകൊ

ണ്ടാണ്. ഇപ്പോൾ ഇത് നിയമനിർമ്മാണത്തിലേയ്ക്ക് കടക്കുകയാണ്. നിയമമാകുകയാണ്. ഒരു കാര്യം അങ്ങു തന്നെ സമ്മതിക്കുന്നു. അത് മന:പൂർവ്വം സംഭവിച്ചതല്ല. അതിനുവേണ്ടിയാണ് മന്ത്രിയെ വിളിച്ചത്. അതിനകത്ത് ചട്ടലംഘനങ്ങളൊന്നുമില്ല. കേരള സഹകരണസംഘ (ഭേദഗതി) ബില്ലിന് ശ്രീ. കോടിയേരി ബാലകൃഷ്ണൻ നൽകിയിട്ടുള്ള തടസ്സവാദത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി വിശദീകരണം നൽകിയിട്ടുണ്ട്. നിയമസഭാ നടപടി ചട്ടം 74 പ്രകാരം നിയമനിർമ്മാണാധികാരം ഏൽപ്പിച്ചുകൊടുക്കുന്നതിനുവേണ്ടിയുള്ള നിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്ന ബില്ലിനോടൊപ്പം അവയുടെ വ്യാപ്തിയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കേണ്ട സാധാരണമോ പ്രത്യേക സ്വഭാവത്തോടു കൂടിയതോ എന്ന് വ്യക്തമാക്കുന്ന മെമ്മോറാണ്ടം ചേർക്കേണ്ടതുമാണ്. അപ്രകാരം വ്യക്തതയുള്ള വിശദീകരണമുള്ള മെമ്മോറാണ്ടം ഈ ബില്ലിൽ ചേർത്തിട്ടില്ല. അത് മന്ത്രി സമ്മതിച്ചതാണ്. അത് ഒരു അപാകത തന്നെയാണ്. നിയമ വകുപ്പ് ഇക്കാര്യത്തിൽ ശ്രദ്ധ ചെലുത്തണമെന്ന് ചെയർ ഓർമ്മിപ്പിക്കുന്നു. ഒരു ബില്ലിന്റെ വ്യവസ്ഥകൾ ഭരണഘടനയ്ക്ക് വിരുദ്ധമാണെന്ന പ്രശ്നം മുമ്പും ഈ സഭയിൽ പലപ്പോഴും ഉയർന്നുവന്നിട്ടുണ്ട്. അങ്ങനെയുള്ള പ്രശ്നം സഭയുടെ കളക്ടീവ് വിസ്ഡം മുഖേനയും അത്യന്തികമായ നിയമം കോടതിയിലൂടെയും തീരുമാനിക്കപ്പെടുന്നതാണെന്നാണ് അപ്പോൾ സഭ എടുത്ത നിലപാട്. പ്രസ്തുത നിലപാട് ഈ ബില്ലിന്റെ കാര്യത്തിലും ചെയർ എടുക്കുന്നു. അതുകൊണ്ട് ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഉന്നയിച്ച തടസ്സവാദം തള്ളുന്നു. ബിൽ അവതരിപ്പിക്കുന്നതിനുള്ള അനുമതി നൽകുന്നു. അങ്ങേയ്ക്ക് ബിൽ അവതരിപ്പിക്കാം.